**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3064** **25-06-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള ക്ഷേമപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. എം.വിജിൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും സാമ്പത്തിക, സാമൂഹ്യ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഏതൊക്കെ പദ്ധതികളിലൂടെയാണ് ധനസഹായം നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | വിശദവിവരങ്ങൾ അനുബന്ധം 1 ൽ ചേർത്തിട്ടുണ്ട് |
| (ബി) | മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കുമായി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന ക്ഷേമപദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; | (ബി) | വിശദവിവരങ്ങൾ അനുബന്ധം 2 ൽ ചേർത്തിട്ടുണ്ട് |
| (സി) | കടൽ രക്ഷാ പ്രവർത്തനങ്ങൾ സുഗമവും കാര്യക്ഷമവുമാക്കുന്നതിനും കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിട്ടുള്ള യാനങ്ങളുടെ വിവരങ്ങൾ അറിയുന്നതിനും വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (സി) | വിശദവിവരങ്ങൾ അനുബന്ധം 3 ൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും സാമ്പത്തിക, സാമൂഹ്യ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും നിരവധി വികസന ക്ഷേമ പദ്ധതികൾ നടപ്പിലാക്കി ധനസഹായം നൽകി വരുന്നുണ്ട്. അവ ചുവടെ ചേർക്കുന്നു.

1. സമ്പാദ്യ സമാശ്വാസ പദ്ധതി.
2. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതി
3. വിദ്യാഭ്യാസ സഹായ പദ്ധതികൾ
4. മത്സ്യബന്ധനയാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി.
5. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി.
6. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 75% സബ്സിഡിയോടുകൂടി ഇൻസുലേറ്റഡ് ബോക്സ് നൽകുന്ന പദ്ധതി.
7. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് എഫ്.ആർ.പി ബോട്ട്, ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ എന്നിവ നൽകുന്ന പദ്ധതി.
8. സമുദ്ര പദ്ധതി (മത്സ്യത്തൊഴിലാളി വനിതകൾക്ക് ബസ് സർവ്വീസ്)
9. മത്സ്യത്തൊഴിലാളികൾക്ക് തുടർ ചികിത്സാ ധനസഹായം നൽകുന്നതിനായി സാന്ത്വനതീരം പദ്ധതി
10. ഓഖി പുനരധിവാസ പദ്ധതികൾ.
11. മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി.
12. മണ്ണെണ്ണ സബ്സിഡി നൽകുന്ന പദ്ധതി.

സംസ്ഥാനത്ത് കടൽ ക്ഷോഭം മൂലം ജീവനും സ്വത്തിനും ഭീഷണി നേരിടുന്ന മത്സ്യതൊഴിലാളികളുടെ ക്ഷേമത്തിനായി മത്സ്യതൊഴിലാളികളുൾപ്പടെയുള്ള തീരദേശ നിവാസികളെ പുനരധിവസിപ്പിക്കുന്നതിനായി ബൃഹത് പദ്ധതിയാണ് പുനർഗേഹം. തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഉൾപ്പെടെ മുഴുവൻ കുടുംബങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനായി പുനർഗേഹം പദ്ധതി ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ.

1. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി
2. മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം
3. വിവാഹ ധനസഹായ പദ്ധതി
4. മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി.
5. വാർദ്ധക്യ കാല പെൻഷൻ
6. അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതക്ക് ആശ്വാസ ധനസഹായ പദ്ധതി
7. മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി
8. എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്
9. കുടുംബ സംവിധാന പദ്ധതി
10. മാരകരോഗ ചികിൽസാ പദ്ധതി
11. ചെയർമാൻസ് റിലീഫ് ഫണ്ട്
12. പ്രസവ ശുശ്രൂഷക്കുള്ള ധനസഹായ പദ്ധതി
13. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി
14. വിധവാ പെൻഷൻ
15. കായിക വിനോദ മത്സരത്തിൽ വിജയം നേടുന്നവർക്ക് പ്രോത്സാഹന പദ്ധതി
16. ബോർഡിന്റെ പ്രത്യേക ധനസഹായം

മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ.

1. ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) ധനസഹായത്തോടു കൂടിയുള്ള

സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി)

2. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി) / ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നീ ദേശീയ ധനകാര്യസ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള വായ്പ പദ്ധതികൾ
   a. ടേം വായ്പകൾ
   b. മൈക്രോഫിനാൻസ് വായ്പ
   c. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി
3. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം (LDRS)
4. വലകൾക്കുള്ള സബ്സിഡി പദ്ധതി
5. നാടൻ വള്ളങ്ങളുടെ നവീകരണം
6. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി
7. മത്സ്യത്തൊഴിലാളികൾക്കുള്ള കിസാൻ ക്രെഡിറ്റ് കാർഡ് (KCC)
8. ബ്ലൂ റവല്യൂഷൻ / പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന പദ്ധതി (PMMSY)
9. മത്സ്യത്തൊഴിലാളികളുടെ മണ്ണെണ്ണ സബ്സിഡി
10. മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി
11. മത്സ്യത്തൊഴിലാളി ക്ഷേമനിധി
12. മത്സ്യത്തൊഴിലാളികളുടെ വായ്പയിന്മേൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി
13. മത്സ്യവിപണനം
14. പ്രധാന മന്ത്രി മത്സ്യസമ്പദാ യോജന പദ്ധതിയിൽ - ഫൈബർ ഗ്ലാസ് വള്ളങ്ങൾ, വല, എഞ്ചിൻ എന്നിവയുടെ വിതരണം.
15. പ്രധാന മന്ത്രി മത്സ്യസമ്പദാ യോജന പദ്ധതിയിൽ - ആഴക്കടൽ മത്സ്യബന്ധന ബോട്ടുകളുടെ വിതരണം.

മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതികൾ.

1. ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (Development of Micro Enterprises)
   a) കപ്പാസിറ്റി ബിൽഡിങ് ട്രെയിനിംഗ് പ്രോഗ്രാമുകൾ (Capacity Building Programme)
   b) പലിശ രഹിത ചാക്രികമൂലധന സഹായം (Interest free Working Capital Revolving Fund)
   c) Solidarity fund to struggling units
   d) യൂണിറ്റുകളെ ബിസിനസ്സ് ഗ്രൂപ്പുകളാക്കി ഉയർത്തൽ
   e) Community Wellness Interventions
   f) സാങ്കേതിക വിദ്യാ നവീകരണ പദ്ധതി.
   g) ബ്രാന്റിംഗ് & മാർക്കറ്റിങ്ങ്
2. JLG Project for Ensuring Livelihood Security of fisher women in Kerala
3. കേരള ബാങ്ക് മുഖേന ദീർഘകാല വായ്പപദ്ധതി
4. സ്നേഹതീരം പദ്ധതി
5. Model Peeling Unit
6. Gender Equality & Women Empowerment Policy- Digital Media & Marketing
7. Online marketing & sale
8. തീരമൈത്രി സീ ഫുഡ് റെസ്റ്റോറന്റ്

Strengthening of Category Federation

Sd/-
സെക്ഷൻ ഓഫീസർ

അനുബന്ധം 2

## മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കുമായി മത്സ്യബോർഡ് മുഖേന നടപ്പാക്കി വരുന്ന പദ്ധതികൾ

### മത്സ്യത്തൊഴിലാളി വിഭാഗം

### 1. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കുടുംബ ഭദ്രത ഉറപ്പുവരുത്തുന്നതിനു വേണ്ടി മത്സ്യബോർഡിന്റെ തുടക്കം മുതൽ നടപ്പാക്കി വരുന്ന പദ്ധതിയാണിത്. മത്സ്യബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഇൻഷ്വറൻസ് പ്രീമിയം പൂർണ്ണമായും സർക്കാരിൽ നിന്നും ലഭിക്കുന്നു. ഇൻഷ്വറൻസ് പ്രീമിയമായി പ്രത്യേകം തുകയൊന്നും ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുന്നില്ല എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത.

17/12/2017 മുതൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക്/ അവരുടെ നിയമാനുസൃത ആശ്രിതർക്ക് ലഭിക്കുന്ന ധനസഹായം ചുവടെ പറയുന്ന പ്രകാരമാണ്.

| ക്രമ നമ്പർ | ഇൻഷ്വറൻസ് പദ്ധതി | ധനസഹായ തുക |
|---|---|---|
| a | അപകടമരണം | 10 ലക്ഷം രൂപ |
| b | മത്സ്യബന്ധനവേളയിൽ അപകടം മൂലം കാണാതാകൽ | 10 ലക്ഷം രൂപ |
| c | സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം രൂപ |
| d | സ്ഥിരവും ഭാഗികവുമായ അവശത | 5 ലക്ഷം രൂപ |
| e | അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ 2 കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം | 5,000/- രൂപ വീതം ഒരാൾക്ക് ( പരമാവധി 10,000/- രൂപ) |
| f | അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിൽസിക്കേണ്ടി വരുന്നവർക്ക് ധനസഹായം | 25,000/- (പരമാവധി) |
| g | ശവസംസ്കാര ചെലവ് | 2,500/- രൂപ |

### 2. മത്സ്യബന്ധനസമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം

മത്സ്യബന്ധനസമയത്തോ, തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരിക്കുകയും , ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കാൻ അർഹതയില്ലാതാവുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം ആശ്രിതർക്ക് നൽകുന്ന സാമ്പത്തിക സഹായം 50,000/- രൂപയാണ്.

### 3. വിവാഹ ധനസഹായ പദ്ധതി

മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം 10,000/- രൂപയാണ്.

## 4. മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി

മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ മരണമടയുമ്പോൾ ശവസംസ്കാരം തുടങ്ങിയ ചെലവുകൾ നടത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം നൽകുന്ന സാമ്പത്തിക സഹായം 600/- രൂപയാണ്.

## 5. വാർദ്ധക്യകാല പെൻഷൻ

വാർദ്ധക്യകാലത്ത് വരുമാന മാർഗ്ഗമൊന്നുമില്ലാതെ കഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് പ്രതിമാസ പെൻഷൻ നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം പ്രതിമാസ പെൻഷൻ തുക 1600/- രൂപയാണ്.

വാർദ്ധക്യകാല പെൻഷനുവേണ്ടി 60 വയസ്സ് പൂർത്തിയായ മത്സ്യത്തൊഴിലാളി, അനുബന്ധത്തൊഴിലാളി പട്ടികയിൽ ഉള്ളവർക്ക് ഫിഷറീസ് വകുപ്പിന്റെ ഓൺലൈൻ പോർട്ടലായ FIMS (FISHERIES INFORMATION MANAGEMENT SYSTEM) മുഖേന അപേക്ഷ നൽകാവുന്നതാണ്.

ഇതിനായി **www.fims.keral.gov.in** എന്ന പോർട്ടലിൽ ഇ സർവ്വീസസ് - ഓൺലൈൻ സർവ്വീസസ് എന്ന ലിങ്കിലൂടെ പെൻഷൻ സ്കീം എന്ന പേജിൽ പ്രവേശിച്ച് ആവശ്യമായ വിവരങ്ങൾ നൽകി വാർദ്ധക്യകാല പെൻഷനുവേണ്ടി അപേക്ഷിക്കാവുന്നതാണ്.

## 6. അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ആശ്വാസ ധനസഹായ പദ്ധതി

അപകടം മൂലം താൽക്കാലികമായി തൊഴിൽ ചെയ്യാൻ കഴിയാതെ വരുന്ന കാലത്തേക്ക് ഉപജീവനത്തിനുള്ള ആശ്വാസ ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം പരമാവധി 500/- രൂപയാണ്.

## 7. മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി

മത്സ്യത്തൊഴിലാളികൾ ഏതു സാഹചര്യത്തിൽ മരിച്ചാലും ആശ്രിതർക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം 15,000/- രൂപയാണ്.

## 8. എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്

വിദ്യാഭ്യാസ പുരോഗതി നേടുന്നതിന് മത്സ്യത്തൊഴിലാളികളുടെ മക്കളായ

വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിനാണ് വേണ്ടിയാണ് ഈ പദ്ധതി .

*ക്യാഷ് അവാർഡ് തുക*

1. സംസ്ഥാന തലത്തിൽ എല്ലാ വിഷയങ്ങളിലും A+ നേടുന്നവർക്ക് – **5,000/–** രൂപ
2. സംസ്ഥാന തലത്തിൽ **9** വിഷയങ്ങളിൽ **A+** നേടുന്നവർക്ക് – **4,000/–** രൂപ
3. സംസ്ഥാന തലത്തിൽ **8** വിഷയങ്ങളിൽ **A+** നേടുന്നവർക്ക് – **3,000/–** രൂപ
4. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡു ലഭിക്കുന്ന **3** വിദ്യാർത്ഥികൾക്ക് (ഓരോ സ്കൂളിലേയും) – **3,000/–** രൂപ

ക്യാഷ് അവാർഡിനു പുറമെ മെറിറ്റ് സർട്ടിഫിക്കറ്റുകളും , മെമെന്റോയും നൽകുന്നതാണ്.

## 9. കുടുംബ സംവിധാന പദ്ധതി

വന്ധ്യംകരണ ശസ്ത്രക്രിയക്ക് വിധേയരാകുന്ന മത്സ്യത്തൊഴിലാളി സ്ത്രീകൾക്കും പുരുഷൻമാർക്കും സാമ്പത്തിക സഹായം നൽകികൊണ്ട് കുടുംബ സംവിധാനത്തിന് പ്രോത്സാഹനം നൽകുന്നതിന് വേണ്ടിയാണ് ഈ പദ്ധതി. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം **500/–** രൂപയാണ്.

## 10. മാരകരോഗ ചികിൽസാ പദ്ധതി

മാരകരോഗങ്ങൾ പിടിപെട്ട് കഷ്ടത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് വിദഗ്ധ ചികിൽസയ്ക്കുവേണ്ട ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരമുള്ള പരമാവധി ധനസഹായം **50,000/–** രൂപയാണ്.

പദ്ധതിയിൽപ്പെടുന്ന രോഗങ്ങളും ധനസഹായവും

| | | |
|---|---|---|
| 1. ഹൃദ്രോഗം | പരമാവധി | **50,000/–** രൂപ |
| 2. വൃക്കരോഗം | പരമാവധി | **50,000/–** രൂപ |
| 3. ക്യാൻസർ | പരമാവധി | **50,000/–** രൂപ |
| 4. തലച്ചോറിലെ ട്യൂമർ | പരമാവധി | **50,000/–** രൂപ |
| 5. തളർവാതം | പരമാവധി | **12,000/–** രൂപ |
| 6. ചികിൽസിച്ച് ഭേദമാക്കാൻ പറ്റുന്ന മാനസിക രോഗം | പരമാവധി | **5,000/–** രൂപ |

## 11. ചെയർമാൻസ് റിലീഫ് ഫണ്ട്

അപ്രതീക്ഷിതമായി ഉണ്ടാകുന്ന അപകടങ്ങൾ മൂലവും പ്രകൃതി ക്ഷോഭങ്ങൾ മൂലവും ദുരിതമനുഭവിക്കേണ്ടിവരുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. അപകടം മൂലം ഗുരുതരമായ പരുക്കുപറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കുക, അപകടം മൂലം മത്സ്യത്തൊഴിലാളി മരണമടയുകയും, കുടുംബാംഗങ്ങൾക്ക് നിത്യവൃത്തിക്ക് മാർഗ്ഗമില്ലാതാവുകയും ചെയ്യുക, അപകടം മൂലമുള്ള രക്ഷാ പ്രവർത്തനങ്ങളിലേർപ്പെട്ട് പരിക്കുപറ്റുക, തീപിടുത്തം മുതലായവ നിമിത്തം വീടിനും, വീട്ടുപകരണങ്ങൾക്കും നാശനഷ്ടങ്ങൾ സംഭവിക്കുക, അഭയാർത്ഥി ക്യാംപുകളിൽ

പ്രവേശിപ്പിക്കപ്പെടുക, പാമ്പ്, പേനായ എന്നിവ കടിച്ചതു മൂലവും , തീപ്പൊള്ളലേറ്റും, ഇലക്ട്രിക് ഷോക്കേറ്റും അടിയന്തിര ചികിൽസ വേണ്ടി വരിക, മത്സ്യബന്ധന വേളയിൽ കാണാതാകുന്നവരുടെ കുടുംബത്തിന് ദുരിതമുണ്ടാവുക തുടങ്ങിയ അവസരങ്ങളിൽ സാഹചര്യത്തിന്റെ ഗൗരവമനുസരിച്ച് **500/-** രൂപ മുതൽ പരമാവധി **5,000/-** രൂപ വരെ ധനസഹായം അനുവദിക്കുന്നു.

## 12. പ്രസവ ശുശ്രൂഷക്കുള്ള ധനസഹായ പദ്ധതി

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകളുടെ ക്ഷേമം ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു പദ്ധതിയാണിത്. പ്രവർത്ത്യോന്മുഖ മത്സ്യത്തൊഴിലാളി വനിതകൾക്കും, മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്കും പ്രസവ ശുശ്രൂഷാ ധനസഹായമായി **750/-** രൂപ വീതം നൽകി വരുന്നു.

## 13. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് പ്രോത്സാഹനം നൽകുന്നതിനായി ലക്ഷ്യമിട്ടിട്ടുള്ളതാണ് ഈ പദ്ധതി. ഹയർ സെക്കന്ററി **(+2)** വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും **A+** ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രകാരം ലഭിക്കുന്ന പ്രോത്സാഹന ധനസഹായം **5000/-** രൂപയാണ്.

## 14. വിധവ പെൻഷൻ

മത്സ്യത്തൊഴിലാളികളുടെ മരണം മൂലം നിരാലംബരായി തീരുന്ന അവരുടെ ഭാര്യമാർക്ക് ആശ്വാസ ധനസഹായമെന്ന നിലയിൽ പ്രതിമാസ പെൻഷൻ നൽകുന്നതിനുള്ള പദ്ധതിയാണിത്. മത്സ്യബോർഡിൽ വിഹിതമടച്ച് അംഗത്വമെടുത്ത ശേഷം വാർദ്ധക്യകാല പെൻഷൻ പദ്ധതി പ്രകാരമുള്ള പെൻഷൻ തുക ഒരു ഗഡുപോലും കൈപറ്റുന്നതിനുമുമ്പായി മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്ക് ഈ പദ്ധതി പ്രകാരം പ്രതിമാസ പെൻഷൻ തുക **1600/-** രൂപ നൽകി വരുന്നു.

## 15. കായിക വിനോദ മത്സരത്തിൽ വിജയം നേടുന്നവർക്ക് പ്രോത്സാഹന പദ്ധതി

മത്സ്യത്തൊഴിലാളികളുടെ മക്കളിൽ കായിക മത്സരങ്ങളിൽ ദേശീയ തലത്തിലും സംസ്ഥാന തലത്തിലും , ഗ്രൂപ്പ് അടിസ്ഥാനത്തിലും വിജയം കൈവരിക്കുന്നവർക്ക് ക്യാഷ് അവാർഡും, മെറിറ്റ് സർട്ടിഫിക്കറ്റും , മെമന്റോയും നൽകുന്നു. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം **1,000/-** രൂപ മുതൽ **10,000/-** രൂപ വരെയാണ്.

എ) ദേശീയതലത്തിൽ (വ്യക്തിഗതം)

| | | |
|---|---|---|
| ഒന്നാം സ്ഥാനം നേടുന്നവർക്ക് | : | **10,000/-** രൂപ |
| രണ്ടാം സ്ഥാനം നേടുന്നവർക്ക് | : | **8,000/-** രൂപ |
| മൂന്നാം സ്ഥാനം നേടുന്നവർക്ക് | : | **5,000/-** രൂപ |

ബി) ദേശീയതലത്തിൽ (ഗ്രൂപ്പ് അടിസ്ഥാനത്തിൽ)

| | | |
|---|---|---|
| ഒന്നാം സ്ഥാനം നേടുന്നവർക്ക് | : | 8,000/- രൂപ |
| രണ്ടാം സ്ഥാനം നേടുന്നവർക്ക് | : | 5,000/- രൂപ |
| മൂന്നാം സ്ഥാനം നേടുന്നവർക്ക് | : | 3,000/- രൂപ |

സി) സംസ്ഥാനതലത്തിൽ (വ്യക്തിഗതം)

| | | |
|---|---|---|
| ഒന്നാം സ്ഥാനം നേടുന്നവർക്ക് | : | 5,000/- രൂപ |
| രണ്ടാം സ്ഥാനം നേടുന്നവർക്ക് | : | 3,000/- രൂപ |
| മൂന്നാം സ്ഥാനം നേടുന്നവർക്ക് | : | 2,000/- രൂപ |

ഡി) സംസ്ഥാനതലത്തിൽ (ഗ്രൂപ്പ് അടിസ്ഥാനത്തിൽ)

| | | |
|---|---|---|
| ഒന്നാം സ്ഥാനം നേടുന്നവർക്ക് | : | 3,000/- രൂപ |
| രണ്ടാം സ്ഥാനം നേടുന്നവർക്ക് | : | 2,000/- രൂപ |
| മൂന്നാം സ്ഥാനം നേടുന്നവർക്ക് | : | 1,000/- രൂപ |

## 16.ബോർഡിന്റെ പ്രത്യേക ധനസഹായം

ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് മാനുഷീക പരിഗണനയുടെ അടിസ്ഥാനത്തിൽ നിശ്ചിത തുക ധനസഹായമായി ബോർഡിൽ നിന്നും അനുവദിക്കുന്നു.

## മത്സ്യബോർഡ് മുഖേന അനുബന്ധത്തൊഴിലാളികൾക്കായി നടപ്പാക്കിവരുന്ന പദ്ധതികൾ

### 1. വാർദ്ധക്യകാല പെൻഷൻ

60 വയസ്സ് പൂർത്തിയാകുന്ന അനുബന്ധത്തൊഴിലാളികൾക്ക് നൽകി വരുന്ന വാർദ്ധക്യകാല പെൻഷൻ പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം പ്രതിമാസ പെൻഷൻ തുക 1600/- രൂപയാണ്.

### 2. ഗ്രൂപ്പ് വ്യക്തിഗത അപകട ഇൻഷ്വറൻസ് പദ്ധതി

അനുബന്ധത്തൊഴിലാളികളുടെ കുടുംബ ഭദ്രത ഉറപ്പുവരുത്തുന്നതിനു വേണ്ടി നടപ്പാക്കി വരുന്ന പദ്ധതിയാണിത്. മത്സ്യബോർഡിൽ അംഗത്വമുള്ള എല്ലാ അനുബന്ധത്തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഇൻഷ്വറൻസ് പ്രീമിയം പൂർണ്ണമായും സർക്കാരിൽ നിന്നും ലഭിക്കുന്നു. ഇൻഷ്വറൻസ് പ്രീമിയമായി പ്രത്യേകം തുകയൊന്നും ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുന്നില്ല എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത.

| ക്രമ നമ്പർ | ഇൻഷ്വറൻസ് പദ്ധതി | ധനസഹായ തുക |
|---|---|---|
| a | അപകടമരണം | 10 ലക്ഷം രൂപ |
| b | സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം രൂപ |
| c | സ്ഥിരവും ഭാഗികവുമായ അവശത | 5 ലക്ഷം രൂപ |
| d | അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ 2 കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം | 5,000/- രൂപ വീതം ഒരാൾക്ക് ( പരമാവധി 10,000/- രൂപ) |
| e | അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിൽസിക്കേണ്ടി വരുന്നവർക്ക് ധനസഹായം | 25,000/- (പരമാവധി) |
| f | ശവസംസ്കാര ചെലവ് | 2,500/- രൂപ |

3. **അനുബന്ധത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം**

മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുത്ത് കുടിശ്ശികയില്ലാതെ വിഹിതമടച്ച് വരുന്ന അനുബന്ധത്തൊഴിലാളി ഏത് സാഹചര്യത്തിൽ മരിച്ചാലും മറ്റ് പദ്ധതികൾ പ്രകാരം ധനസഹായത്തിന് അർഹതയില്ലെങ്കിൽ അവരുടെ ആശ്രിതർക്ക് ധനസഹായമായി നൽകുന്നത് ***15,000/-*** രൂപയാണ്.

4. **പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി**

അനുബന്ധത്തൊഴിലാളിയായി അംഗത്വമെടുത്തിട്ടുള്ള സ്ത്രീതൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികളുടെ ഭാര്യമാർക്കും പ്രസവ ശുശ്രൂഷയ്ക്ക് **750/-** രൂപ വീതം നൽകി വരുന്നു

5. **എസ്.എസ്. എൽ.സി ക്യാഷ് അവാർഡ്**

അനുബന്ധത്തൊഴിലാളികളുടെ മക്കളിൽ സംസ്ഥാന തലത്തിൽ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് എല്ലാ വിഷയത്തിലും എ+ നേടിയ വിദ്യാർത്ഥിയ്ക്ക് **5,000/-** രൂപയും, **9** എ+ നേടിയ വിദ്യാർത്ഥിയ്ക്ക് **4,000/-** രൂപയും, **8** എ+ നേടിയ വിദ്യാർത്ഥിയ്ക്ക് **3,000/-** രൂപയും നൽകുന്നു. കൂടാതെ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ പഠിക്കുന്ന ഏറ്റവും ഉയർന്ന ഗ്രേഡ് ലഭിക്കുന്ന **3** വിദ്യാർത്ഥികൾക്ക് **3,000/-** രൂപയും നൽകുന്നു.

6. **രോഗ ചികിൽസാ പദ്ധതി**

മാരകരോഗങ്ങൾ പിടിപെട്ട് കഷ്ടത അനുഭവിക്കുന്ന അനുബന്ധത്തൊഴിലാളികളുടെ രോഗ ചികിൽസയ്ക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരമുള്ള പരമാവധി ധനസഹായം **25,000/-** രൂപയാണ്.

പദ്ധതിയിൽപ്പെടുന്ന രോഗങ്ങളും ധനസഹായവും

| | | |
|---|---|---|
| 1. ഹൃദ്രോഗം | പരമാവധി | **25,000/-** രൂപ |
| 2. വൃക്കരോഗം | പരമാവധി | **25,000/-** രൂപ |
| 3. ക്യാൻസർ | പരമാവധി | **25,000/-** രൂപ |
| 4. തളർവാതം | പരമാവധി | **10,000/-** രൂപ |
| 5. ചികിൽസിച്ച് ഭേദമാക്കാൻ പറ്റുന്ന മാനസിക രോഗം | പരമാവധി | **10,000/-** രൂപ |
| 6. ഗർഭാശയ സംബന്ധമായ രോഗം | പരമാവധി | **5,000/-** രൂപ |

7. **വിവാഹ ധനസഹായ പദ്ധതി**

അനുബന്ധത്തൊഴിലാളികളുടെ പെൺമക്കൾക്കുളുടെ വിവാഹത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം

10,000/- രൂപയാണ്.

## 8. കുടുംബ സംവിധാന പദ്ധതി

അനുബന്ധത്തൊഴിലാളി കുടുംബത്തിലെ ഭർത്താവോ ഭാര്യയോ കുടുംബാസൂത്രണ ശസ്ത്രക്രിയയ്ക്ക് വിധേയമായാൽ അതിനെ തുടർന്നുള്ള ശുശ്രൂഷയ്ക്ക് ധനസഹായമായി അനുവദിക്കുന്നത് **500/-** രൂപയാണ്.

## 9. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി

ബോർഡ് ഓഫ് ഹയർ സെക്കണ്ടറി **(+2)** പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ഗ്രേഡ് കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് **5,000/-** രൂപയും വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ഗ്രേഡ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് **5,000/-** രൂപ വീതം ക്യാഷ് അവാർഡും മെറിറ്റ് സർട്ടിഫിക്കറ്റും , മെമെന്റോയും നൽകുന്നു.

## 10 . ബോർഡിന്റെ പ്രത്യേക ധനസഹായം

ദുരിതമനുഭവിയ്ക്കുന്ന അനുബന്ധത്തൊഴിലാളികൾക്ക് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ബോർഡിന്റെ തീരുമാനത്തിനു വിധേയമായി നിശ്ചിത തുക ഈ പദ്ധതി പ്രകാരം ധനസഹായമായി അനുവദിയ്ക്കുന്നു.

# പ്രത്യേക പദ്ധതികൾ

### 1. തണൽ

സംസ്ഥാന സർക്കാർ കേരളത്തിലെ മത്സ്യത്തൊഴിലാളി/ അനുബന്ധ ത്തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന സമ്പത്തിക സഹായ പദ്ധതിയാണ് തണൽ. ഫിഷറീസ്-തൊഴിൽ വകുപ്പുകളുടെ സംയുക്ത സംരംഭമായ ഈ പദ്ധതി പ്രകാരം FIMS ൽ എൻറോൾ ചെയ്ത മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധത്തൊഴിലാളികൾക്കും **1350/-** രൂപ നിരക്കിൽ ധനസഹായം നൽകുന്നു.

### 2. സാന്ത്വനതീരം

മാരകരോഗം ബാധിച്ച മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ ത്തൊഴിലാളികളുടെയും, പെൻഷണർമാരുടെയും തുടർ ചികിൽസ ഉറപ്പാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച നടപ്പാക്കുന്ന പദ്ധതിയാണ് സാന്ത്വനതീരം പദ്ധതി. ഈ പദ്ധതി പ്രകാരം ഡയാലിസിസ്, കാൻസർ ചികിൽസ, തളർവാതം/ കിടപ്പുരോഗം , സ്ത്രീ സംബന്ധമായ രോഗങ്ങൾ, ഹൃദയം തുറന്നുള്ള ശസ്ത്രക്രിയയ്ക്കുശേഷം ഉള്ള ചികിൽസ, കരൾ രോഗത്തിനുള്ള ചികിൽസ, ഓട്ടിസം/ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ ചികിൽസ എന്നിവയ്ക്കുള്ള തുടർ ചികിൽസ ആനുകൂല്യങ്ങളാണ് നൽകി വരുന്നത്.

| ക്രമ നം. | രോഗചികിത്സ | ധനസഹായത്തുക |
|---|---|---|
| 1 | ഹൃദ്രോഗം | 50,000/- രൂപ |

| | | |
|---|---|---|
| 2 | വൃക്ക രോഗം/ഡയാലിസിസ് | 50,000/- രൂപ |
| 3 | കരൾ രോഗം | 20,000/- രൂപ |
| 4 | കാൻസർ | 50,000/- രൂപ |
| 5 | കണ്ണ് ചികിത്സ | 25,000/- രൂപ |
| 6 | സ്ട്രോക്ക്, തളർവാതം, കിടപ്പുരോഗം | 20,000/- രൂപ |
| 7. | മത്സ്യബന്ധന വേളയിൽ കൈകാലുകൾ മുറിഞ്ഞ് പോകുന്ന അവസ്ഥ | 10,000/- രൂപ |
| 8 | ഓട്ടിസം ചികിത്സ (മത്സ്യത്തൊഴിലാളികളുടേയും അനുബന്ധത്തൊഴിലാളികളുടേയും മക്കൾക്ക് ) | 10,000/- രൂപ |
| 9 | ഗർഭാശയ സംബന്ധമായ രോഗം (സ്ത്രീ മത്സ്യത്തൊഴിലാളി, അനുബന്ധത്തൊഴിലാളി) | 10,000/- രൂപ |

Sd/-

സെക്ഷൻ ഓഫീസർ

## അനുബന്ധം 3

കടൽ സുരക്ഷയുമായി ബന്ധപ്പെട്ട കാലാവസ്ഥാ മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്കെത്തിച്ച് കൊടുക്കുക, വിവിധ ഏജൻസികളെ കോർത്തിണക്കിക്കൊണ്ട് രക്ഷാപ്രവർത്തനം ഏകോപിപ്പിയ്ക്കുക എന്നിവ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഫിഷറീസ് ഡയറക്ടറേറ്റ് തലത്തിൽ ഒരു മാസ്റ്റർ കൺട്രോൾ റൂമും, വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് 3 റീജിയണൽ കൺട്രോൾ റൂമുകളും ഫിഷറീസ് വകുപ്പിന്റെ കീഴിൽ ഇപ്പോൾ പ്രവർത്തിയ്ക്കുന്നുണ്ട്. കാറ്റിന്റെ വേഗത, തിരമാലയുടെ ഉയരം, കടലിന്റെ ഒഴുക്കിലുണ്ടാകുന്ന വ്യത്യാസങ്ങൾ, ന്യൂനമർദ്ദ സാധ്യത, ചുഴലിക്കാറ്റ് മുന്നറിയിപ്പ്, മത്സ്യലഭ്യതയുള്ള സ്ഥാനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ IMD, SDMA, INCOIS തുടങ്ങിയ ഏജൻസികൾ പുറപ്പെടുവിയ്ക്കുന്ന മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് എത്തിച്ചുകൊടുക്കുന്നതിന് ഫിഷറീസ് കൺട്രോൾ റൂമുകൾ സഹായിക്കുന്നു. ചുഴലിക്കാറ്റ്, സുനാമി മുന്നറിയിപ്പുകൾ ഉണ്ടാകുമ്പോൾ കടലിൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരിയ്ക്കുന്ന മത്സ്യബന്ധനയാനങ്ങളെയെല്ലാം കോസ്റ്റ്ഗാർഡ്, ഇന്ത്യൻ നേവി എന്നിവയുടെ കൂടി സഹായത്തോടെ അറിയിപ്പുകൾ നൽകി അവയെ ഏറ്റവും അടുത്തുള്ള സുരക്ഷിത ഹാർബറുകളിലേയ്ക്ക് എത്തിക്കുന്ന ശ്രമകരമായ പ്രവൃത്തിയും കൺട്രോൾ റൂമുകൾ നിർവ്വഹിക്കുന്നുണ്ട്. ആയതിലേയ്ക്ക് ഇന്ത്യൻ നേവി, ഇന്ത്യൻ കോസ്റ്റ്ഗാർഡ്, കോസ്റ്റൽ പോലീസ്, മറൈൻ എൻഫോഴ്സ്മെന്റ്, മറ്റ് ദുരന്തനിവാരണ ഏജൻസികൾ എന്നിവ ഏകോപിപ്പിച്ച് പ്രവർത്തിക്കുന്നുണ്ട്. മത്സ്യബന്ധന ബോട്ടുകളിൽ വെസ്സൽ ട്രാക്കിംഗ് സംവിധാനം/ ടാൻസ്പോണ്ടറുകൾ ഘടിപ്പിയ്ക്കുന്ന പ്രവൃത്തി നടന്നു വരുന്നുണ്ട്.

മത്സ്യത്തൊഴിലാളികൾ/ മത്സ്യബന്ധന യാനങ്ങൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും തൊഴിലാളികളുടെയും ഉൾപ്പെടെ വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള മൊബൈൽ ആപ്ലിക്കേഷൻ (സാഗര) എൻ.ഐ.സി യുടെ സഹായത്തോടെ തയ്യാറാക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കടലിൽ തീരത്തോട് ചേർന്ന പ്രദേശങ്ങളിൽ കാലാവസ്ഥാ മുന്നറിയിപ്പുകൾ ലഭ്യമാക്കുവാനും ഈ മൊബൈൽ ആപ്പിക്കേഷൻകൊണ്ട് സാധിയ്ക്കുന്നു. നാളിതുവരെ 17038 യാനങ്ങളുടെയും 11627 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പർ ഉൾപ്പെടെയുള്ള മുഴുവൻ വിവരങ്ങളും 'സാഗര' യിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ മത്സ്യതൊഴിലാളികൾ കടലിലേക്ക് ദിനംപ്രതി പോകുമ്പോഴും തിരികെ എത്തുമ്പോഴും കൃത്യമായ വിവരങ്ങൾ 'സാഗര മൊബൈൽ' ആപ്ലിക്കേഷനിൽ രേഖപ്പെടുത്തുന്നില്ല എന്നതിനാൽ പദ്ധതിയിൽ പ്രതീക്ഷിച്ച വിജയം

കൈവരിക്കാൻ സാധിച്ചിട്ടില്ല.

കടൽ സുരക്ഷാ നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഫിഷിംഗ് ഹാർബറുകളിൽ നിന്നും കടലിലേക്ക് ദിനംപ്രതി പോകുന്നതും തിരികെ വരുന്നതുമായ യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും വിവരങ്ങൾ ലഭ്യമായിരിക്കേണ്ടത് അത്യന്താപേക്ഷിതമായതിനാൽ, ഹാർബറുകൾ കേന്ദ്രീകരിച്ച 'Bluetooth Low Energy (BLE) സംവിധാനവും GPS ടെക്നോളജിയും പ്രയോജനപ്പെടുത്തി ഒരു Telematics Gateway അധിഷ്ഠിതമായ സംവിധാനം ഫിഷിംഗ് ഹാർബറുകളിൽ കൊണ്ടുവരുന്നതിനും ആയതിലൂടെ കടലിൽ പോകുന്ന മത്സ്യബന്ധന യാനങ്ങളുടെയും മത്സ്യതൊഴിലാളികളുടെയും REAL TIME മോണിറ്ററിംഗ് സാദ്ധ്യമാക്കുന്നതിനും വിവരങ്ങൾ കൃത്യമായി ലഭ്യമാക്കുന്നതിനുമുള്ള പരീക്ഷണാടിസ്ഥാനത്തിലുള്ള പഠനങ്ങൾ വകുപ്പ് നടത്തി വരുന്നു. ഇതുമായി ബന്ധപ്പെട്ട് 'ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോപ്പറേറ്റീവ് സൊസൈറ്റിയും', 'കെൽട്രോണും' പ്രൊപ്പോസലുകൾ സമർപ്പിക്കുകയും വിഴിഞ്ഞം മത്സ്യബന്ധന ഹാർബർ കേന്ദ്രീകരിച്ച ഡെമോ നടത്തുകയുമുണ്ടായി.

കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ രക്ഷ ഉറപ്പാക്കാനായി വിഴിഞ്ഞം, വൈപ്പിൻ ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച 3 മറൈൻ ആംബുലൻസുകളും, മറ്റ് ജില്ലകളിൽ വാടകയ്ക്കെടുത്തു പ്രവർത്തിപ്പിയ്ക്കുന്ന 20 രക്ഷാബോട്ടുകളും 6 ഫൈബർ വള്ളങ്ങളും പ്രവർത്തിക്കുന്നുണ്ട്.

കൂടാതെ 9 ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ഓരോ റെസ്ക്യൂ യൂണിറ്റുകൾ സജ്ജമാക്കുന്നതിന്റെ ഭാഗമായി 2 എഞ്ചിനുകളോടുകൂടിയ ഓരോ FRP യാനങ്ങൾ സജ്ജമാക്കി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**